# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 527** **28.02.2017-ൽ മറുപടിയ്ക്ക്**

## കെ.എസ്.എഫ്.ഇ വായ്പാകുടിശ്ശിക ഇളവ്

| | ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ഡോ. ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇയിൽ നിന്ന് വായ്പയെടുത്തതിന്റെ കുടിശ്ശികയടയ്ക്കാനാകാതെ പ്രയാസപ്പെടുന്നവർക്ക് എന്തെല്ലാം ആശ്വാസനടപടികൾ നിലവിലുണ്ട് എന്ന് വിശദമാക്കാമോ; | (എ) | 'ഇളവ് 2017' എന്ന പേരിൽ പ്രത്യേക കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രാബല്യത്തിലുണ്ട്. 01.01.2017 മുതൽ 31.03.2017 വരെയാണ് ടി പദ്ധതിയുടെ കാലാവധി. ഈ പദ്ധതി പ്രകാരം 31.03.2011 ന് മുൻപ് കുടിശ്ശികയായ കേസുകളിൽ പലിശയിൽ പരമാവധി 6% വരെ ഇളവും, 01.04.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ കുടിശ്ശിക ആയിട്ടുള്ള കേസുകളിൽ പലിശയിൽ പരമാവധി 4% വരെ ഇളവും, 01.04.2013 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ കുടിശ്ശിക ആയിട്ടുള്ള കേസുകളിൽ പലിശയിൽ പരമാവധി 3% വരെ ഇളവും അനുവദിക്കുന്നതാണ്. |
| (ബി) | മുതലിനെക്കാൾ കൂടുതൽ പലിശ അടച്ചവരുടെ വായ്പ എഴുതിത്തള്ളുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (ബി) | ഭവന വായ്പ ഒഴികെയുള്ള അക്കൗണ്ടുകളിൽ മുതലിന് തുല്യമായ തുക പലിശയായി ലഭിച്ചാൽ **'ഇളവ് 2017'** പ്രകാരം പ്രസ്തുത അക്കൗണ്ട് തീർപ്പാക്കുന്നതാണ്. ഈ പലിശ കണക്കാക്കുമ്പോൾ മുൻപ് അടച്ചിട്ടുള്ള പിഴപലിശയും (Penal interest) മറ്റ് ആകസ്മിക ചിലവുകളും (Incidental Charges) കൂടി പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.